(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 2011-12, 2012-13, 2014-15 ലും കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 2013-14-ലും (ആഡിറ്റിംഗിനുശേഷമുള്ള കണക്കുകൾ പ്രകാരം) ലാഭത്തിലാണ് പ്രവർത്തിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും പ്രവർത്തനം നിർത്തിയിട്ടില്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. പുനരുദ്ധാരണം ആവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 718.50 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ വ്യവസായവകുപ്പിന്റെകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾക്കായി 100 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

**101 (5906)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാം ; വെളിപ്പെടുത്തുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പ്രവൃത്തികളുടെയും ലക്ഷ്യങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(സി) ഓരോന്നിന്റെയും അടങ്കൽ തുക, പ്രവർത്തനരീതി എന്നിവ വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സിഡ്കോയിൽ പെൻഷൻ പറ്റിയവർക്ക് പുനർനിയമനം**

**102 (5907)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സിഡ്കോയിൽ ഹെഡ് ഓഫീസ്, മാർക്കറ്റിങ്, എംപോറിയം, യൂണിറ്റുകൾ എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരമേറ്റശേഷം പെൻഷൻ പറ്റിയവർക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ എന്നും അവർ ജോലി ചെയ്യുന്ന/ചെയ്ത തസ്തികകൾ, അവരുടെ പേരുകൾ, ഓരോരുത്തരും വാങ്ങിയ പ്രതിമാസ ശമ്പളം, ഇതുവരെ വാങ്ങിയ ആകെ ശമ്പളം ഓരോരുത്തരും നിയമിക്കപ്പെട്ട തീയതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സിഡ്കോയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) സിഡ്കോയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly